പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1728 14.12.2012 ൽ മറുപടിയ്ക്ക്

## വികലാംഗർക്ക് വിതരണം ചെയ്യുന്ന ഉപകരണങ്ങൾ

ചോദ്യം

ശ്രീ. വി.പി.സജീന്ദ്രൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വികലാംഗർക്ക് വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ്; വ്യക്തമാക്കുമോ; | (എ) വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ കേന്ദ്ര എ.ഡി.ഐ.പി പദ്ധതി, സ്റ്റേറ്റ് പ്ലാൻ പദ്ധതി എന്നിവയിലൂടെയാണ് വികലാംഗ ക്ഷേമ കോർപ്പറേഷൻ വിതരണം ചെയ്യുന്നത്. |
| (ബി) ഈ പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് ധനകാര്യ വർഷക്കണക്കിൽ രേഖപ്പെടുത്താറുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഓരോ പദ്ധതി പ്രകാരവും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എന്തു തുക ഈ ഇനത്തിൽ ചെലവായി; വ്യക്തമാക്കുമോ; | (സി)കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എ.ഡി.ഐ.പി പദ്ധതി പ്രകാരം 178 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 1,60,73,536/- രൂപയും വികലാംഗ ക്ഷേമ കോർപ്പറേഷൻ സഹായ ഉപകരണ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി)ഈ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും ഓരോ പദ്ധതി പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങളുടെയും അവ ഓരോ ഇനത്തിനും ചെലവഴിച്ച തുകയുടെയും വിശദാംശം നൽകാമോ? | (ഡി) 2009-2010, 2010-2011, 2011-2012 വർഷങ്ങളിൽ പ്ലാൻ സ്കീം വഴിയും എ.ഡി.ഐ.പി പദ്ധതി വഴിയും വിതരണം ചെയ്ത സഹായ ഉപകരണങ്ങൾക്ക് ചെലവായ തുക തിരിച്ച് ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 2009-2010 | പദ്ധതിയിനം<br>എ.ഡി.ഐ.പി | 3052744 രൂപ<br>178 ലക്ഷം രൂപ |
| 2010-2011 | പദ്ധതിയിനം | 6212359 രൂപ |
| 2011-2012 | പദ്ധതിയിനം | 6808433 രൂപ |

സെക്ഷൻ ഓഫീസർ